പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :5233

27.07.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഭൂരഹിതർക്ക് ഭൂമി നല്കൽ

ചോദ്യം

ശ്രീ. എ.കെ. ബാലൻ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
ശ്രീ. എസ്. ശർമ്മ
ശ്രീമതി. കെ.കെ. ലതിക

മറുപടി

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഭൂരഹിതരായ എല്ലാവർക്കും ഏത് തീയതിക്കകം ഭൂമി നല്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത് ; | (എ) 2015- മാണ്ട് പൂർത്തിയാകുന്നതോടുകൂടി സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിനായി മൂന്ന് സെന്റ് ഭൂമി വീതം നൽകാൻ ഉദ്ദേശിച്ചു കൊണ്ടാണ് സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കിവന്നിരുന്നത്. |
| (ബി) | സംസ്ഥാനത്ത് ഭൂരഹിതരായിട്ടുള്ളവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ; | (ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം കണക്കാക്കിയിട്ടില്ല. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങളിലെ കുടുംബ നാഥൻ / കുടുംബനാഥ നൽകിയിട്ടുള്ള അപേക്ഷകളിൽ നിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി അന്വേഷണം നടത്തി കണ്ടെത്തിയ കുടുംബങ്ങളെ ഉൾപ്പെടുത്തിയാണ് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയിരുന്നത്. ഇപ്രകാരം ആദ്യഘട്ടം 2,43,928 കുടുംബങ്ങളെയും 01.02.2014 മുതൽ 31.03.2014 വരെ അപേക്ഷകൾ സ്വീകരിച്ചതിൽ നിന്നും 67,281 ഭൂരഹിത കുടുംബങ്ങളെയുംകൂടി ഗുണഭോക്താക്കളായി കണ്ടെത്തിയിരുന്നു. |
| (സി) | ഗ്രാമപ്രദേശങ്ങളിൽ എത്ര പേർക്ക് സ്വന്തമായി ഭൂമിയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും (ഇ) യും (എഫ്) ഉം മറ്റെല്ലാ പരിഗണനകൾക്കും അതീതമായി നിശ്ചിത മാനദണ്ഡങ്ങൾക്കനുസരണമായാണ് |

<table>
<tr><td>(ഡി)</td><td>2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള കണക്ക് പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ;</td><td rowspan="3">ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഗുണഭോക്താക്കളെ നിർണ്ണയിച്ചിരുന്നത് സെൻസസ് റിപ്പോർട്ടുകളൊന്നുംതന്നെ പ്രസ്തുത പദ്ധതിക്കായി പരിശോധിച്ചിട്ടില്ല. 2011 ൽ കേന്ദ്രസർക്കാർ നടത്തിയ സാമൂഹിക-സാമ്പത്തിക - ജാതി സെൻസസിൽ നിന്നും ലഭിച്ചിട്ടുള്ള ഭൂരഹിതർ, ഭൂമിയുള്ള ഭവനരഹിതർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പട്ടികയും, വിവരങ്ങളും കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / ഗ്രാമപഞ്ചായത്തിൽ നിലവിൽ വിവിധ പദ്ധതികൾക്കായി തയ്യാറാക്കിയിട്ടുള്ള ഭൂരഹിത, ഭവന രഹിതരുടെ പട്ടികയും അടിസ്ഥാന രേഖയായി പരിഗണിച്ച് ഭവനരഹിതർക്ക് മാന്യവും, സുരക്ഷിതത്വവുമുള്ള ഭവനത്തോടൊപ്പം ജീവനോപാധി ഉറപ്പാക്കാൻ കഴിയുന്ന ഭവന സംവിധാനമൊരുക്കുന്നതിനായി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് പകരമായി നിലവിൽ സർക്കാർ ലൈഫ് മിഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിനാൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ പ്രകാരം അർഹരായ ഭൂരഹിത. ഭവന രഹിതരെല്ലാം ലൈഫ് മിഷൻ പദ്ധതിയിൽ ആനുകൂല്യത്തിനർഹരാണ്. നിലവിൽ ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചവരെ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയായ 'ലൈഫ് മിഷനിൽ' പരിഗണിക്കുന്നുണ്ട്.</td></tr>
<tr><td>(ഇ)</td><td>എങ്കിൽ പ്രസ്തുത കണക്ക് പ്രകാരം പദ്ധതി പുന:പരിശോധിക്കേണ്ടതുണ്ടോ ;</td></tr>
<tr><td>(എഫ്)</td><td>പ്രസ്തുത കണക്ക് പ്രകാരമുള്ള എല്ലാ ജനങ്ങൾക്കും പദ്ധതിക്കാലത്ത് ഭൂമി ലഭ്യമാക്കാൻ സാധിക്കും എന്ന് കരുതുന്നുണ്ടോ?</td></tr>
</table>

സെക്ഷൻ ഓഫീസർ